# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാലിമിറ്റഡ്

**രജി.ഓഫീസ് - കോട്ടയം - 686004**

**റൂട്ട് ട്രയിനർ റബ്ബർ/ പോളിബാഗ് റബ്ബർ തൈകളുടെ ഇ-ടെണ്ടർ/മുദ്രവെച്ച ദർഘാസ് വ്യവസ്ഥകൾ**

**PSE/2025/ 5192** **13.01.2025**

പ്ലാന്റേഷൻ കോർപ്പറേഷന്റെ **കൊടുമൺ** എസ്റ്റേറ്റിലെ നിശ്ചിത പ്രദേശങ്ങളിൽ ഏകദേശം 32000 എണ്ണം RRII-430 റൂട്ട് ട്രെയിനർ/ പോളിബാഗ് തൈകൾ 2025 മെയ്, ജൂൺ മാസം മുതൽ നട്ടുവാൻ വേണ്ടി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആവശ്യമുണ്ട്. താല്പര്യമുള്ളവർക്ക് (*http://etenders.kerala.gov.in*) എന്ന വെബ്സൈറ്റ് വഴി ഓൺലൈനായോ അല്ലെങ്കിൽ മുദ്രവെച്ച ദർഘാസുകൾ മുഖേനയോ പങ്കെടുക്കാവുന്നതാണ്. രേഖപ്പെടുത്തുന്ന ആകെ തുകയുടെ 1% നിരതദ്രവ്യമായി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ മാറാവുന്ന തരത്തിൽ ഡിമാന്റ് ഡ്രാഫ്റ്റ് ആയി ടെൻണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

വിതരണം ചെയ്യേണ്ട തൈകളുടെ എണ്ണവും, **ആവശ്യമായ ക്ളോണുകളും** ചുവടെ ചേർക്കുന്നു

| **എസ്റ്റേറ്റ്** | **ജില്ല** | **ആവശ്യമുള്ള തൈകളുടെ ഏകദേശം എണ്ണം** | **ആവശ്യമുള്ള ക്ളോൺ** |
|---|---|---|---|
| **കൊടുമൺ എസ്റ്റേറ്റ്** നെടുമൺകാവ് പി.ഓ, കൂടൽ (വഴി), പത്തനംതിട്ട- 689 693 | പത്തനംതിട്ട | 32000 | RRII 430 |

വ്യവസ്ഥകൾ

1. ആർ.ആർ.ഐ 430 ഇനങ്ങളുടെ ഗുണമേന്മയുള്ള റൂട്ട് ട്രെയ്നർ/ പോളിബാഗ് തൈകൾ ആണ് ആവശ്യമുള്ളത്. ഓരോ എസ്റ്റേറ്റിനും പ്രത്യേകം ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്. ഗുണനിലവാരമില്ലാത്ത തൈകൾ തിരസ്കരിക്കുന്നതാണ്.

2. ടെണ്ടറിൽ ഒരു റൂട്ട് ട്രെയിനർ/പോളിബാഗ് റബ്ബർ തൈ എസ്റ്റേറ്റുകളിൽ എത്തിച്ച് നൽകുന്നതിനുള്ള ഏറ്റവും കുറഞ്ഞ തുകയാണ് രേഖപ്പെടുത്തേണ്ടത്. റൂട്ട് ട്രെയിനർ തൈകളുടെ കപ്പുകൾ കരാറുകാരൻ തന്നെ തിരികെ എടുക്കുവാൻ താത്പര്യമുള്ള പക്ഷം ടി കപ്പുകൾക്ക് ലഭിക്കേണ്ട വില ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്.

3. ടെണ്ടർ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിനുള്ളവിവേചന അധികാരം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ പൂർണ്ണമായി നിക്ഷിപ്തമായിരിക്കുന്നതും, ഇത്തരം സന്ദർഭങ്ങളിൽ കരാറുകാരന് നഷ്ടപരിഹാരങ്ങൾക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. കരാറുറപ്പിക്കുന്നതിന് മുമ്പായി മാനേജിംഗ് ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു വിദഗ്ധ സമിതി തൈകളുടെ ഗുണനിലവാരം ആവശ്യമെങ്കിൽ പരിശോധിക്കും

4. കരാറുകാരൻ പർച്ചേയ്സ് ഓർഡറിൽ പറഞ്ഞിരിക്കുന്ന തീയ്യതിക്കുള്ളിൽ (ഷെഡ്യൂൾ അനുസരിച്ച്) തൈകൾ എസ്റ്റേറ്റിൽ എത്തിച്ചുനൽകേണ്ടതാണ്. കരാർ വ്യവസ്ഥകളിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കുകയും സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുകയും, കോർപ്പറേഷന് വരുന്ന എല്ലാ കഷ്ട നഷ്ടങ്ങളും ഈടാക്കുകയും, കരാറുകാരനെ കരിമ്പട്ടിക്കയിൽ ഉൾപ്പെടുത്തുകയും ചെയ്യും.

5. ടെണ്ടർ സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങൾ/വ്യവഹാരങ്ങൾ ഉണ്ടാകുകയാണെങ്കിൽ ആയതിന്റെ നിയമ നടപടികൾക്കുള്ള പരിധി കോട്ടയത്തുള്ള കോടതികൾ ആയിരിക്കും.

6. ദർഘാസുകൾക്ക് ബാധകമായിട്ടുള്ള TDS 194 നികുതി കിഴിവ് സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ബാധകമാണ്.

7. ടെണ്ടർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് അറിയിപ്പ് നൽകുന്നതും അറിയിപ്പ് ലഭിച്ച് 7 ദിവസങ്ങൾക്കകം കരാറുകാരൻ 200/- രൂപ മുദ്രപത്രത്തിൽ ഇതിലേയ്ക്കായി ഒരു കരാർ കോർപ്പറേഷനുമായി വെയ്ക്കേണ്ടതും കരാറിന്റെ മൊത്തം തുകയുടെ 5% വരുന്ന തുക (ഇ.എം.ഡി തുക അടക്കം) സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവെയ്ക്കേണ്ടതാണ്.

8. എസ്റ്റേറ്റിൽ ലഭ്യമാക്കുന്ന തൈകളുടെ ഗുണ നിലവാരം ബോദ്ധ്യപ്പെട്ട് **പേയ്മെന്റ് നൽകുന്നതാണ്.** കരാറുകാരൻ ഒറിജിനൽ ഇൻവോയ്സ് എസ്റ്റേറ്റിൽ തൈകൾ വിതരണം ചെയ്യുന്ന സമയത്ത് നൽകേണ്ടതാണ്.

9. നിരക്ക് അംഗീകരിക്കാത്ത കരാറുകാരുടെ E.M.D. കരാറിന്മേൽ തീരുമാനമെടുത്ത് 30 ദിവസത്തിനകം തിരികെ നൽകുന്നതാണ്. E.M.D/സെക്യൂരിറ്റി എന്നീ തുകയ്ക്ക് പലിശ നൽകുന്നതല്ല.

10. കരാറുകാരന്റെ സെക്യൂരിറ്റി തുക കരാർ കാലാവധി കഴിഞ്ഞ് 30 ദിവസത്തിനകം തിരികെ നൽകുന്നതാണ്.

11. ടെ□ർ ഫോറത്തിന് 3840/- രൂപ (നികുതിയടക്കം) ഓൺലൈനായി ടെണ്ടർ സമർപ്പിക്കുന്ന സമയത്ത് അടയ്ക്കേണ്ടതും മുദ്രവെച്ച ദർഘാസുകൾ മുഖേന

ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടർ ഫോറത്തിൻറ വില നേരിട്ടോ പ്ലാന്റേഷൻ കോർപ്പറേഷന്റെ പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ് / ആർ.റ്റി.ജി.എസ് മുഖേന അടക്കേണ്ടതും. അല്ലാതുള്ള ടെണ്ടറുകൾ നിരസിക്കുന്നതുമായിരിക്കും.

12. ഇ-ടെണ്ടർ/മുദ്രവെച്ച ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം **11.02.2025, 1.00** PM ആണ്.

13. ഇ ടെണ്ടർ **വഴി** നിരക്കുകൾ രേഖപ്പെടുത്തി തൈകൾ വിതരണം ചെയ്യാൻ താല്പര്യപ്പെടുന്ന നഴ്സറി/ കരാറുകാരൻ ടെണ്ടർ കണ്ടീഷന്റെ **പേജിൽ** ഒപ്പ് വച്ചതിന്റെയും, E.M.D. **തുകയുടെ ഡിമാൻഡ് ഡ്രാഫ്റ്റിന്റെ** സ്കാൻഡ് കോപ്പി ഇ ടെണ്ടറിൽ നിരക്കുകൾ സമർപ്പിക്കുന്ന സമയത്ത് അപ്‌ലോഡ് ചെയ്യേ□താണ്. ഒപ്പിട്ട ടെണ്ടർ കണ്ടീഷന്റെയും E.M.D.യുടെയും ഒറിജിനൽ **(നിരക്കുകൾ രേഖപ്പെടുത്തിയ ഭാഗം ഒഴികെ)** ഒട്ടിച്ച കവറിൽ **12.02.2025** തീയതിക്കു 5P.M. ന് മുമ്പായി **കോർപ്പറേഷന്റെ കോട്ടയത്തുള്ള** ഹെഡ് ഓഫീസിലെ പർച്ചെയ്സ് ഡിപ്പാർട്ടുമെന്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

14. **മുദ്രവെച്ച ദർഘാസു**കൾ മുഖേന നിരക്കുകൾ രേഖപ്പെടുത്തി തൈകൾ വിതരണം ചെയ്യാൻ താല്പര്യപ്പെടുന്ന നഴ്സറി/ കരാറുകാർ ഒപ്പിട്ട ടെണ്ടർ കണ്ടീഷന്റെയും അനുബന്ധമായുള്ള ടെണ്ടർ ഫോമിൽ നിരക്കുകളും രേഖപ്പെടുത്തി E.M.D. ഡിമാൻഡ് ഡ്രാഫ്റ്റായും മുദ്രവെച്ച കവറിൽ **11.02.2025**തീയതിയ്ക്ക് 1.00 PM -ന് മുമ്പായി മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ല്മിറ്റഡ്, മുട്ടമ്പലം പി.ഒ, കോട്ടയം-4 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

15. മുദ്രവെച്ച ദർഘാസുകൾ 11.02.2025 തീയതിയിൽ 2.30PM -ന് അപ്പോൾ സന്നിഹിതരായിട്ടുള്ള കരാരുകാർ/പ്രതിനിധികളുടെ സാനിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഇ-ടെണ്ടറുകൾ 13.02.2025 തീയതിയിൽ 11.00 AM-ന് അപ്പോൾ സന്നിഹിതരായിട്ടുള്ള കരാരുകാർ/പ്രതിനിധികളുടെ സാനിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് ദി മാനേജർ, കൊമേഴ്സ്യൽ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം-4 (**9496076007**)/website: www.pcklimited.in.

Sd/-

കോട്ടയം
13.01.2025

മാനേജിംഗ്ഡയറക്ടർ

# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാലിമിറ്റഡ്

രജി.ഓഫീസ് - കോട്ടയം - 686004

## ടെണ്ടർ ഫോം

**റൂട്ട് ട്രയിനർ / പോളിബാഗ് തൈകളുടെ നിരക്ക് രേഖപ്പെടുത്തേണ്ടതാണ്**

**എസ്റ്റേറ്റിന്റെ പേര്: കൊട്ടുമൺ**

| ഇനം | ക്ളോൺ RRII 430 | | |
|---|---|---|---|
| | ആവശ്യമുള്ള തൈകളുടെ എണ്ണം എണ്ണം | വാഗ്ദാനം ചെയ്യുന്ന തൈകളുടെ എണ്ണം | ഒരു തൈയുടെ നിരക്ക് (മറ്റ് ചാർജുകൾ ഉൾപ്പെടെ) Rs. |
| റൂട്ട് ട്രെയിനർ തൈകളുടെ നിരക്ക് | 32000 | | |
| പോളിബാഗ് തൈകളുടെ നിരക്ക് | 32000 | | |
| കപ്പ് തിരികെ കരാറുകാരൻ എടുക്കുന്നതിനുള്ള നിരക്ക് ( ഒരു കപ്പിന്റെ നിരക്ക് ) | | | |

| | |
|---|---|
| Name and Address | |
| GST Number of the Tenderer | |
| Details of EMD | |
| Telephone No. & Fax No. | |
| E-mail ID | |
| Date | |

മുകളിൽ രേഖപ്പെടുത്തിയ ടെണ്ടർ വ്യവസ്ഥകൾ വായിച്ച് അംഗീകരിച്ച് ഒപ്പ് വെച്ചിരിക്കുന്നു.

കരാറുകാരന്റെ ഒപ്പ്